## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1520     16/03/2015-ൽ മറുപടി നല്കേണ്ടിയിരുന്നത്

### ഏലത്തൂർ നിയോജകമണ്ഡലത്തിലെ 'നിറവ്' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. കെ. ശശീന്ദ്രൻ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ഏലത്തൂർ നിയോജകമണ്ഡലത്തിൽ 'നിറവ്' പദ്ധതിയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) 10.03.2014-നും 09.02.2015-നും മണ്ഡലാടിസ്ഥാനത്തിൽ യോഗം ചേർന്ന് നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പദ്ധതികളെക്കുറിച്ച് ചർച്ച നടത്തിയിട്ടുണ്ട്. ആയത് പ്രകാരം തീരുമാനിച്ച പദ്ധതികൾ അനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടില്ല. |
| ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ വകുപ്പുകളാണ് പദ്ധതികൾ ഉണ്ടാക്കി ഭരണാനുമതിക്കായി സമർപ്പിച്ചതെന്ന് വെളിപ്പെടുത്താമോ; | ബി) കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ചെറുകിട ജലസേചന വകുപ്പ്, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം, ക്ഷീര വികസന വകുപ്പ്, ഫിഷറീസ് വകുപ്പ് എന്നിവർ പദ്ധതി തയ്യാറാക്കുന്നതിന് ഇടപെട്ടിട്ടുണ്ട്. |
| സി) നിറവ് പദ്ധതിയിലുൾപ്പെട്ട വകുപ്പുകളിലേതെങ്കിലും പ്രോജക്ട് തയ്യാറാക്കി ഗവൺമെന്റിലേക്ക് സമർപ്പിക്കാതിരുന്നിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;<br>ഡി) എങ്കിൽ പ്രസ്തുത വകുപ്പുകൾ എപ്പോൾ പ്രോജക്ട് തയ്യാറാക്കി അയയ്ക്കുമെന്ന് വ്യക്തമാക്കാമോ? | സി) & ഡി) നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പദ്ധതികളെക്കുറിച്ച് അവസാനമായി മണ്ഡലാടിസ്ഥാനത്തിൽ ചർച്ച നടത്തിയത് 09.02.2015-ന് ആയിരുന്നു. ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടില്ല.<br>നിറവ് പദ്ധതിയ്ക്ക് പ്രത്യേകമായി തുക നീക്കി വച്ചിട്ടില്ലാത്തതിനാൽ ആർ.കെ.വി.വൈ പദ്ധതിയിലുൾപ്പെടുത്തിയാണ് അനുമതി നല്കുന്നത്.<br>മൃഗസംരക്ഷണ വകുപ്പ് സമർപ്പിച്ച പദ്ധതികൾ ആർ.കെ.വി.വൈ മാനദണ്ഡങ്ങൾക്ക് അനുയോജ്യമല്ലാത്തതിനാൽ അനുമതി നല്കിയില്ല. |

സെക്ഷൻ ഓഫീസർ